## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 173** **07-10-2024 - ൽ മറുപടിയ്ക്ക്**

### എറണാകുളം ജില്ലയിലെ ഗെയിൽ പൈപ്പ് ലൈൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി. ജെ. വിനോദ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

(എ) ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിൽ ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ പൈപ്പ് ലൈൻ ഗ്യാസ് കണക്ഷൻ നൽകിയിട്ടുണ്ടെന്നും ഓരോ മണ്ഡലങ്ങളിൽ എത്ര വീടുകളിൽ കണക്ഷൻ ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കാമോ;

(എ) എറണാകുളം ജില്ലയിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കുന്നതിന് ഇന്ത്യൻ ഓയിൽ - അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) - ന് 2015 ഒക്ടോബറിൽ Petroleum and Natural Gas Regulatory Board (PNGRB) അംഗീകാരം നൽകിയിട്ടുണ്ട്. കളമശ്ശേരി, എറണാകുളം, തൃക്കാക്കര, തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലങ്ങളിലും കൂടാതെ മുൻസിപ്പാലിറ്റികളായ ആലുവ, ഏലൂർ, മരട് എന്നീ പ്രദേശങ്ങളിലെ 42030 വീടുകളിലും പൈപ്പ് ലൈൻ ഗ്യാസ് കണക്ഷനുകൾ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കളമശ്ശേരി | 4139 |
| എറണാകുളം | 15868 |
| തൃക്കാക്കര | 13923 |
| തൃപ്പൂണിത്തുറ | 523 |
| ആലുവ | 1846 |
| ഏലൂർ | 2323 |
| മരട് | 3408 |
| ആകെ | 42030 |

2016 ജനുവരിയിൽ ആരംഭിച്ച്, നീട്ടി കിട്ടിയ കാലാവധി കൂടി ഉൾപ്പെടുത്തി 2021 സെപ്റ്റംബർ-ൽ പദ്ധതി പൂർത്തിയാക്കാനായിരുന്നു അനുമതി നൽകിയിരുന്നത്. ഈ കാലയളവിൽ എറണാകുളം ജില്ലയിൽ ഏറ്റവും കുറഞ്ഞത് 40,701 ഗാർഹിക ഉപഭോക്താക്കൾക്ക് കണക്ഷൻ നൽകണമെന്നാണ് പി.എൻ.ജി.ആർ.ബി-യുടെ നിബന്ധന ഉണ്ടായിരുന്നത്. IOAGPL-ൽ സമർപ്പിച്ച വിവരം അനുസരിച്ച് നിലവിൽ ജില്ലയിലാകെ 42,030 വീടുകളിൽ ഗ്യാസ് കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ

| | | | |
|---|---|---|---|
| | | | എറണാകുളം നിയോജക മണ്ഡലത്തിൽ 15868 വീടുകളിലേക്ക് കണക്ഷൻ കൊടുത്തിട്ടുണ്ട്. |
| (ബി) | എറണാകുളം നിയോജകമണ്ഡലത്തിൽ പദ്ധതി എത്ര ശതമാനം പൂർത്തിയായിട്ടുണ്ടെന്നും നിലവിൽ എത്ര വീടുകളിൽ കണക്ഷൻ നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ : ഏത് വർഷമാണ് ഈ പദ്ധതി ആരംഭിച്ചത്, പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി എത്ര വർഷമാണ് എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | മേൽ (എ) പിരിവിനുള്ള ഉത്തരം കണ്ടാലും. |
| (സി) | ഉപഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള മാനദണ്ഡം എന്താണെന്നും കണക്ഷൻ ലഭിക്കേണ്ട ഒരു ഉപഭോക്താവ് എന്തൊക്കെ നടപടിക്രമങ്ങൾ പാലിക്കണമെന്നും വിശദമാക്കാമോ? | (സി) | പൈപ്പ് ലൈൻ വഴി ഗ്യാസ് കണക്ഷൻ ലഭിക്കുന്നതിനായി, കമ്പനി ഏർപ്പെടുത്തിയിട്ടുള്ള "IOAGPL സുവിധ" അപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത ശേഷം മൊബൈൽ ഫോൺ നമ്പറും, ആധാർ കാർഡിന്റെ പകർപ്പും അപ്‌ലോഡ് ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ